## പതിനാലാം കേരള നിയമസഭ
## പത്തൊമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2164 — 11/03/2020-ൽ മറുപടിക്ക്

### വൈദ്യുത കമ്പികൾ പൊട്ടിവീണ് അപകടങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.പി.കെ.അബ്ദു റബ്ബ്**<br>**,, കെ.എം.ഷാജി**<br>**,, എം. സി. കമറുദ്ദീൻ**<br>**,, സി.മമ്മൂട്ടി** | | ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലായി വൈദ്യുത കമ്പികൾ പൊട്ടിവീണ് ആളുകൾ മരണപ്പെടുന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | വൈദ്യുത കമ്പികൾ പൊട്ടി വീണ് ഷോക്കേറ്റ് മരണപ്പെടുന്ന അവസ്ഥ ഒഴിവാക്കുന്നതിനായി പുതിയ പദ്ധതികൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദാംശം അറിയിക്കുമോ? | (ബി) | ഉണ്ട്. താഴെ പറയുന്ന സംവിധാനങ്ങൾ പരീക്ഷണാടിസ്ഥാനത്തിൽ നടത്തുവാനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.<br>SMART-MCCB എന്ന ഉപകരണം പരീക്ഷണാടിസ്ഥാനത്തിൽ സ്ഥാപിച്ച് വിലയിരുത്തുന്നതിന് വൈദ്യുതി ബോർഡ് ഉത്തരവാകുകയും നെടുമങ്ങാട് ഡിവിഷന് കീഴിൽ നടപ്പാക്കാൻ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.<br>വിവിധ എഞ്ചിനീയറിംഗ് കോളേജുകൾ വികസിപ്പിച്ച സംവിധാനം ഫീൽഡിൽ പരീക്ഷണാടിസ്ഥാനത്തിൽ സ്ഥാപിക്കുന്നതിനും കൂടാതെ, കെ.എസ്.ഇ.ബി.എൽ.-ലെ എഞ്ചിനീയർമാരും മറ്റു സ്വതന്ത്ര ഏജൻസികളും വികസിപ്പിച്ച ഉപകരണങ്ങൾ പരീക്ഷണാടിസ്ഥാനത്തിൽ സ്ഥാപിക്കുന്നതിനും വേണ്ടിയുള്ള നടപടികൾ പ്രാരംഭഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ